**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1412** **07-10-2021 - ൽ മറുപടിയ്ക്ക്**

**വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ വളയം ഐ.ടി.ഐ. കെട്ടിടത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (എ) | വളയം ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ് ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് എന്നിവ തയ്യാറാക്കിയിരുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ആയിരുന്നു. എന്നാൽ സാങ്കേതികാനുമതിയ്ക്കുള്ള സ്ട്രക്ച്ചറൽ ഡ്രോയിംഗ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കി നൽകാത്തതിനാൽ ആയത് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പുറത്തുനിന്നുള്ള ഏജൻസി തയ്യാറാക്കിയ ആർക്കിടെക്ച്ചറൽ ഡ്രോയിംഗിന് സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കുവാൻ സാധിക്കുകയില്ല എന്ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം അറിയിച്ചതിനെത്തുടർന്ന് പുതുക്കിയ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ച്ചറൽ വിഭാഗത്തെ ചുമതലപ്പെടുത്തി. ടി വിഭാഗം തയ്യാറാക്കിയ അന്തിമരൂപരേഖ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ